**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1078 05/03/2020-ൽ മറുപടിയ്ക്ക്

# വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീ. എൽദോ എബ്രഹാം :** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാർത്ഥികളുടെ അക്കാദമിക നേട്ടങ്ങൾക്കൊപ്പം സർഗ്ഗ ശേഷിയും സാമൂഹിക മികവും വളർത്തുന്നതിനും മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനുമായി പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) വിദ്യാർത്ഥികളുടെ സർഗ്ഗ ശേഷിയും സാമൂഹിക മികവും വളർത്തുന്നതിനും മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനുമായി 'സഹിതം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങളും മറ്റ് ഉദ്ദേശ ലക്ഷ്യങ്ങളും വിശദമാക്കാമോ; | (ബി) കുട്ടികളെ അറിയുവാനും കുട്ടികളെ വളർത്താനും ലക്ഷ്യമിട്ട ടി പദ്ധതിയിൽ കുട്ടിയും ടീച്ചറും തമ്മിലുള്ള സൗഹൃദമാണ് അടിത്തറ. അനൗപചാരിക സംഭാഷണങ്ങളിലൂടെയും, ഗൃഹസന്ദർശനങ്ങളിലൂടെയും പഠന സമയത്തിനപ്പുറം ഇടപെട്ടുകൊണ്ടാണ് ടീച്ചർ കുട്ടിയെ മനസ്സിലാക്കേണ്ടത്. ഭാവിയിൽ അനുഗുണമായ സ്വഭാവ സവിശേഷതകൾ കാരണമായിതീരുന്ന സാമൂഹിക ഗുണങ്ങൾ, കുട്ടിയുടെ താൽപര്യം, സവിശേഷമായ കഴിവുകൾ, പഠന പ്രയാസങ്ങൾ എന്നിവയും ടീച്ചർ തിരിച്ചറിയണം. ഇതോടൊപ്പം ഭാഷാ ശേഷി, ഗണിതശേഷി, സാമൂഹിക അവബോധം, ശാസ്ത്രാഭിമുഖ്യം എന്നിവയെല്ലാം സമയാസമയം നിരീക്ഷിച്ച് പരിമിതികൾ മറികടക്കാൻ ടീച്ചർ കുട്ടിയെ സഹായിക്കണം. നിരന്തരം ഇത് രേഖപ്പെടുത്താനും |

| | | | |
|---|---|---|---|
| | | | രക്ഷിതാക്കളുമായി പങ്കുവെയ്ക്കാനും അവസരം ഒരുക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമും 'സഹിതം'ത്തിന്റെ ഭാഗമാകുന്നു. |
| (സി) | വിദ്യാർത്ഥികളുടെ കഴിവും സാധ്യതയും പ്രശ്നങ്ങളും നിരന്തരം നിരീക്ഷിക്കുന്നതോടൊപ്പം വിദ്യാർത്ഥികളിലുണ്ടായേക്കാവുന്ന കാഴ്ചാ വൈകല്യങ്ങളും കേൾവികുറവുകളും കണ്ടെത്തുന്നതിനും പരിഹാരം കാണുന്നതിനും നടപടി സ്കൂളുകളിൽ തന്നെ സ്വീകരിക്കുമോ; അറിയിക്കാമോ; | (സി) | എല്ലാ വിദ്യാലയ വർഷത്തിന്റെ ആരംഭത്തിലും മെഡിക്കൽ ക്യാമ്പ് നടത്തുകയും, ഭിന്നശേഷിക്കാരെന്ന് കണ്ടെത്തുന്ന കുട്ടികൾക്ക് സഹായ ഉപകരണങ്ങൾ നൽകി വരികയും ചെയ്യുന്നുണ്ട്. കാഴ്ച, കേൾവി കുറവുള്ള കുട്ടികൾക്കുള്ള സഹായ ഉപകരണങ്ങളും നൽകുന്നുണ്ട്. |
| (ഡി) | കുട്ടികളുടെ ശാരീരികവും മാനസികവുമായ മികവുകൾ കണ്ടെത്തുന്നതിനും ഇവയിൽ ന്യൂനതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനും നടപടികളെടുക്കുമോ; വ്യക്തമാക്കാമോ; | (ഡി) | സ്കൂളുകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും, നഴ്സ്, കൗൺസിലർമാർ എന്നിവരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഏത് മേഖലയിൽ നിന്നും കുട്ടികൾക്കുണ്ടാകുന്ന പഠന പ്രയാസങ്ങൾ നിരീക്ഷിക്കുന്നതിനും, ഇടപെടൽ ആവശ്യമെങ്കിൽ അതിനുള്ള സംവിധാനവും പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കുമോ; വ്യക്തമാക്കാമോ? | (ഇ) | കുട്ടികൾക്കുണ്ടാകുന്ന ഏതു പ്രശ്നവും അദ്ധ്യാപകന് കണ്ടെത്താനാകുന്ന വിധത്തിലാണ് 'സഹിതം' എന്ന മെന്ററിംഗ് പദ്ധതി നടപ്പിലാക്കുന്നത്. |

Reena

സെക്ഷൻ ഓഫീസർ